# സെന്റ് ജോൺ N.H.S.S



# കൊഴുവനാൽ

# മലർവാടി

## കുട്ടികളുടെ ആകാശം...

2022-2025

# ആമുഖം

നമുക്കു വിവിധ നൂതനമായ പഠനാനുഭവം പ്രദാനം ചെയ്യുന്ന , വിവര വിനിമയ സാങ്കേതിക വിദ്യയുടെ അത്ഭുതകരമായ എക്കാലത്തേയും പുരോഗമിച്ചു കൊണ്ടിരിക്കുന്നതുമായ അറിവ് എക്കാലത്തും നമ്മുടെ ജീവിതത്തിൽ വളരെയേറെ സ്വാധീനം ചെയ്തിട്ടുണ്ട് .

കൊഴുവനാൽ സെന്റ് ജോൺ നെപ്യൂൺസിയാൻസ് സ്കൂളിലെ 2022-25വർഷത്തെ little kites അംഗങ്ങൾ പൂർണ്ണമായും വിവര വിനിമയ സാങ്കേതിക വിദ്യ പ്രയോചന പെടുത്തി തയാറാക്കിയതാണ് "മലർവാടി" എന്ന പതിപ്പ് . കൊഴുവനാൽ സ്കൂളിലെ കുട്ടികളുടെ കലാപരമായ കഴിവുകൾ ഉൾപ്പെടുത്തി ആണ് ഈ പതിപ്പ് തയാറാക്കിയിരിക്കുന്നത് .

Scribus1.5.5 എന്ന സോഫ്റ്റ്വെയർ സഹായത്താൽ ആണ് ഈ പതിപ്പ് രൂപകൽപ്പന ചെയ്തിരിക്കുന്നത് .

വിവര സാങ്കേതിക വിദ്യയുടെ ഈ പുതുയുഗത്തുൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഞങ്ങൾ തയാറാക്കിയ ഈ ഡിജിറ്റൽ മാഗസ്സിൻ നിങ്ങൾക്ക് രസകരവും , പുതുമയുള്ളതുമായ അനുഭവങ്ങൾ സമ്മാനിക്കട്ടെ ..............

# ഉള്ളടക്കം

>ചെമ്പകം........................................................4

>ഇതൾവിരിഞ്ഞസൗഹൃദം.........................................5

>കോവിഡെന്ന കൊലയാളിയും അടിപതറിയ ലോകവും....6

>ഉപന്യാസം ......................................................7

>അമ്മ............................................................9

>കൂട്ടുകാർ........................................................10

>പൂവ്...............................................................11

>വീട്ടിലെത്തിയാൽ ...........................................12

>രാത്രിയിൽ......................................................15

>വേരുകൾ.......................................................17

>ഉപന്യാസം......................................................18

>പോസ്റ്റർ.........................................................19

>clouds..........................................................20

>മഞ്ഞിൻതാഴ്വര.............................................21

>പോസ്റ്റർ.........................................................22

>ചിരി................................................................23

>അവൾ..............................................................25

# ചെമ്പകം..



വസന്തത്താൽ ചുംബനം ഏറ്റൊരി
ചെമ്പക പൂവിനും നിലം
പതിക്കനാണോ എൻ
ഈശ്വരാ വിധി..........

ചന്ദനം അണിഞ്ഞ്
ആകാശത്തെ നോക്കി
പുഞ്ചിരിച്ചു നിന്ന നീ ഇന്നിതാ
നിലം പതിച്ചിരിക്കുന്നു......

അവളുടെ കൈകളിൽ നിൻ
സൗന്ദര്യം അലിഞ്ഞു ചേരവേ
നിൻ ആയുസ്സും ഒരു നിമിഷം
സുന്ദരം ആയിരിക്കുന്നു.......

Karthik Das..

# ഇതൾവിരിഞ്ഞ സൗഹൃദം

ആദ്യമായി കണ്ടപ്പോൾ ഒരുവാക്കുപോലും
ഉരിയാടാതെ..........ഒന്ന് നോക്കി ചിരിക്കാതെ
മറഞ്ഞു
പോയ ചില ബന്ധങ്ങൾ.....എങ്കിലും ഏതോ
നിമിഷത്തിൽ അവർ എന്റെ ഉള്ളിൽ സൗഹൃദത്തിന്റെ
പൂമ്പൊടികൾ വിതറി....ഒരിക്കലും പിരിയാൻ പറ്റാത്ത




വിധത്തിൽ അടുത്ത് പോയി....ഇണക്കങ്ങളും
പിണക്കങ്ങളും പറയാനും...പ്രണയകഥകൾ
പറയാനും...കുറച്ച് കുശുമ്പ് പറയാനും...പട്ടങ്ങളെ
പോലെ
പാറികളിക്കാനും,അപ്പൂപ്പൻതാടികളെപ്പോലെ
കാറ്റിൽ പാറിപ്പറന്നു നടക്കാനും എന്നോടൊപ്പം
കൂടെ കൂടിയവർ.......

Don V.S..

# കോവിഡ് എന്ന കൊലയാളിയും അടിപതറിയ ലോകവും

ഒരു സൂക്ഷ്മ ജീവിക്ക് തളർത്താൻ
കഴിയും നമ്മുടെ ഈ ജനതയെ
അടിതെറ്റി വീഴുന്ന ഓരോ നിമിഷവും
പ്രാണവായുവിനായി കരയുന്നു ഈ ഭൂമി
കണ്ടില്ലെന്ന് നടിക്കരുത് നമ്മൾ കേട്ടില്ലെന്ന്
പറയരുത് നമ്മൾ
ഇന്ന് ഞാൻ നാളെ നീ അതാണിന്നവസ്ഥ
ഉയരുന്ന കോവിഡും കുറയുന്ന ജീവനും
ഉണർത്തുന്ന ആശങ്ക ചെറുതല്ല ജനതയിൽ
ലോകം മുഴുവൻ പടരുന്ന മഹാവ്യാധിയായി
കോവിഡ് അട്ടഹസിക്കുമ്പോൾ ഓർക്കുക
നമ്മൾ പണമല്ല ജീവനാണ് വലുതെന്ന സത്യം
പലപ്പോഴും നാം മറക്കുന്നു ഈ സത്യം
അറിഞ്ഞിട്ടുമറിയാതെ നടിക്കിന്നതാണോ
നാം എന്തിനീ സ്വാർത്ഥത പണത്തിനുവേണ്ടിയോ
ജീവനുവേണ്ടിയോ
സ്വന്തം ജീവൻ പണയപ്പെടുത്തി നമ്മക്കായി സേവനം
അർപ്പിക്കുന്നവർക്കായി പറയാം ഒരായിരം നന്ദി
തളരാതെ, പടരാതെ തടയാം നമുക്കീ മഹാവ്യാധിയെ
തളരാതെ, പടരാതെ തടയാം നമുക്കീ മഹാവ്യാധിയെ
ഓർക്കുക പണമല്ല ജീവനാണ് വലുതെന്ന സത്യം



Neeraj Ullas..

# ഉപന്യാസം

വിഷയം;കേരളം
1956 നവംബർ 1 നാണ് കേരളസംസ്ഥാനം രൂപംകൊണ്ടത്. കിഴക്ക് പശ്ചിമഘട്ട മലനിരകൾ, പടിഞ്ഞാറ് അറബിക്കടൽ. സ്വച്ഛമായ കാലാവസ്ഥ. കൃഷിക്കും വിനോദസഞ്ചാരത്തിനും ഉതകുന്ന ഭൂപ്രകൃതി. കായലുകളും പുഴകളും തടാകങ്ങളും തോടുകളും കുന്നും തടവുമൊക്കെയായി ആരേയും വശീകരിക്കുന്ന പ്രകൃതിരമണീയമായ നാട്. പ്രകൃതി നൽകിയ ഈ മൂലധനമാണ് കേരളത്തിന്റെ സമ്പത്ത്.കൂടാതെ നിരവധി ധാതുക്കളുടെ സാന്നിധ്യംകൊണ്ട് കേരളത്തിന്റെ മണ്ണും തീരവും സമ്പന്നമാണ്. കാർഷികസംസ്കാരം ശക്തമായിരുന്ന ഒരു നാടാണ് കേരളം.

നീളമുള്ള നദിയാണ് ഭാരതപ്പുഴ. ഇതിന്റെ തീരം കലകളുടെ കളിത്തൊട്ടിലാണ്. മാമാങ്കവും കലാമണ്ഡലവും ഒക്കെ ഇവിടെയാണ്.
വിശുദ്ധനദിയായി കേരളീയർ ഇതിനെ കാണുന്നു. ഉന്നത തലപ്രദേശത്തുള്ള വനങ്ങളിൽ തേക്ക്, ഈട്ടി, മഹാഗണി തുടങ്ങിയ വൃക്ഷങ്ങൾ നിറയെ ഉണ്ട്.

സമതുലിതമായ ഒരുകാലാവസ്ഥയാണ് കേരളത്തിന്റേത്. സുഖകരമായ ഒരു കാലാവസ്ഥയാണിത്. മഴയും വേനലും തണുപ്പും ചൂടും ഒക്കെ കലർന്ന് മിതവും സ്വച്ഛവുമായ കാലാവസ്ഥ കേരളത്തിന്റെ മാത്രം പ്രത്യേകതയാണ്.കേരളത്തിലെ മണ്ണിന്റെ ഘടനയെ അടിസ്ഥാനമാക്കി താഴ്വാരങ്ങളെയാണ് സമതലത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.കൃഷിക്ക് അനുയോജ്യമായ ഇവിടെ
മരച്ചീനി,കശുവണ്ടി,നാളികേരം,ഇഞ്ചി,കുരുമുളക് തുടങ്ങിയ കൃഷിക്ക് യോജിച്ചതാണ്.

വനപ്രദേശങ്ങൾ അടങ്ങിയതും ഗിരിശൃംഗങ്ങൾ ഉൾപ്പേടുന്നതുമായ പ്രദേശത്തെയാണ് ഉന്നതതലപ്രദേശമായി വിളിച്ചുപോരുന്നത്.ഇവിടെനിന്നാണ് കേരളത്തെ സസ്യശ്യാമളമാക്കുന്ന നദികളുടെ ഉത്ഭവം.44 നദികളുണ്ട് നമുക്ക്. കേരളത്തിന്റെ ഹൃദയഭാഗത്തുക്കൂടി ഒഴുകുന്ന ഏറ്റവും നീളമുള്ള നദിയാണ്

ഭാരതപ്പുഴ.ഇതിന്റെ ഭൂപ്രകൃതിയനുസരിച്ച് കേരളത്തെ മൂന്നായി തിരിക്കാം.നിമ്നതലം,സമതലം,ഉന്നതതലം എന്നിങ്ങനെ പരന്നതും മൺപ്രദേശങ്ങളും തടാകങ്ങളും ചേർന്നതാണ് നിമ്നതലം. ഇവിടം നെൽകൃഷിക്കും തെങ്ങുകൃഷിക്കും യോജിച്ച പ്രദേശമാണ്. വേളിക്കായൽ,കഠിനംകുളം കായൽ,പരവൂർ കായൽ,അഷ്ടമുടി കായൽ,കായംകുളം കായൽ , വേമ്പനാട്ട് കായൽ എന്നിവ ഇവിടെയാണ്. കൂടാതെ ശാസ്താംകോട്ടയിലെ ശുദ്ധജലതടാകവും ഈ പ്രദേശത്ത് നിലകൊള്ളുന്നു

Sanjai Sunil..



# അമ്മ

അമ്മയാണ് സത്യം
അമ്മതന്നെ സ്നേഹം
അമ്മയാണ് കൺമുന്നിൽ
കാണുന്ന ദൈവം

ദൈവത്തിനെന്തെല്ലാം
നന്മകളുണ്ടോ
അവയെല്ലാം ഈ മണ്ണിൽ
അമ്മയിൽ മാത്രം

പാരിലെ സ്നേഹത്തിൻ
കെടാദീപം അമ്മയല്ലോ.....
എൻജീവിതത്തിൽ
കെടാനാളം നീയല്ലോ.....

Neeraj Ullas..



# കൂട്ടുകാർ

കൂട്ടുകൂടാനായെന്റെ
കൂട്ടുതേടിയണഞ്ഞൊരു
കുഞ്ഞാറ്റക്കിളി ......
കാറ്റിനോട് കഥ മെനഞ്ഞും
കടലിനോട് കളിപറഞ്ഞും
കാടായകാടെല്ലാം,മേടായ മേടെല്ലാം
കണ്ണാരം പൊത്തിക്കളിച്ചും
കണ്ണിൽ കണ്ണിൽ കണ്ണാടിനോക്കി
കൊക്കുരുമി ചിറകുരുമി
കിലുകിലെ  കൊഞ്ചി ചിലച്ചും
കിളിക്കൂട്ടിലെന്നെ
കുളിരറിയിക്കാതെ
കവിൾ ചേർത്തുറക്കിയും
കനിവിന്റെ കരളായ
കളിക്കൂട്ടുകാരൻ....

Sanjai Sunil..



# പൂവ്

പൂവേ പൂവേ കൊഴിയല്ലേ ....
പൂന്തേന്നല്ലു വന്നു വിളിച്ചാൽ പോവല്ലേ
പുലരി പൂത്തു മഴയിൽ ഇതളു പൊഴിക്കല്ലേ
ഒരിതളും നീ പൊഴിക്കല്ലേ
പൂത്തു മണ്ണിന്നു ചൂടാനൊരു പൂവിതളും
നൽകല്ലേ
ഈറൻ മുടിയിൽ ചൂടാനൊരു പൂവിതളും
നൽകല്ലേ
വെള്ളിനിലാവിലലിഞ്ഞി പുഞ്ചിരി മായ്ക്കല്ലേ
പൂവണ്ടിൽ പ്രണയം പൊള്ളാണേ
അത്, പൂന്തേനുണ്ണാനണയുവതാണേ.....
എനിക്കു നിന്നെ കാണാനും
കൊതിയാണേ പൂവേ .......

Sarath S Nair..



# വീട്ടിലെത്തിയാൽ

പുറത്തഴിച്ചു വയ്ക്കും

ചെരുപ്പ്

മാറ്റിവയ്ക്കും

അതുവരേയുമണിഞ്ഞ

ഉടുപ്പ്.

വിടരും

ചിരിയൊലിപ്പിച്ച

കുടുംബസ്നേഹം.

ഒളിയും

അരയിലൊളിപ്പിച്ച

എലസ്സ്.

വിളക്കുകൊളുത്തി

നാമം ചൊല്ലി

പൂത്തുനില്ക്കും

നിശ്വാസങ്ങൾ

വിളിക്കും

സമുദായ സ്നേഹത്തിൻെറ

സൗഹൃദങ്ങൾ.

അടഞ്ഞ

വാതിലുകൾക്കുള്ളിൽ

വിങ്ങിനില്ക്കും

ചിലപ്പോൾ

ജനാധിപത്യം.

രുചിക്കിടയിൽ

ഒരു മുടിനാര് കണ്ടാൽ

സമത്വഭവന മറന്നുകൊണ്ടവ

അമരും

ഒക്കെയും തൻെറ

കൈപ്പിടിയിലെന്ന്

നടിക്കും

പുറത്തേക്കിറങ്ങുമ്പോൾ

അണിയുവാനേറെയുണ്ട്

മറന്നുപോകല്ലേ

കാറിൻ്റെ

ഉൾക്കുളിരിൽ......

Anandhu Krishnan..



# രാത്രിയിൽ

രാത്രിയിൽ
കടൽത്തണുപ്പും
തിരയടിയും
വിജനതയും മാത്രം.
ഒറ്റയ്ക്ക്
പാറയിലിരിക്കുന്നു.
രാത്രിയിൽ
കടൽക്കാക്കകൾ
പറക്കില്ലായിരിക്കാം.
ഒരൊറ്റപ്പക്ഷിക്കരച്ചിലും
കേൾക്കാനില്ല.
പെട്ടെന്നവൾ
പാറയിലെ ഇരുപ്പ് മതിയാക്കി
എഴുന്നേറ്റ്
കടലിലേക്കിറങ്ങുന്നു.
കൈയ്യിലുള്ള ടോർച്ച് തെളിച്ച്
ഇളകുന്ന വെളിച്ചത്തിൽ
ഉപ്പാലെ കാലുനനയ്ക്കാം
വെള്ളത്തിൽ എന്തോ
തിരയുന്നു.

അവളുടെ കണ്ണിൽ

നനവുള്ള ടോർച്ച് വെളിച്ചം

പിന്നിലേക്ക് മറഞ്ഞു പോകും

തിര....


Prajin Manoj..



# വേരുകൾ

ആരെടുത്ത് കൊണ്ടു
പോയാലും രണ്ടിസം
കൊണ്ട് വഴിയിൽ
ഉപേക്ഷിക്കുന്ന ഞാൻ ,
ഇടയ്ക്കിടയ്ക്ക
ആരെങ്കിലുമൊക്കെ
എടുത്തു കൊണ്ട്
പോകുന്നുണ്ട്
എന്നതാണ് ആകെ
ഒരു ആശ്വാസം

Aiden Cheruvallil..



# ഉപന്യാസം

വിഷയം–നേത്രദാനം

കണ്ണ് നമ്മുടെ ജീവിതകാലത്തോളം നമ്മെ വെളിച്ചത്തിൻ പാതയിലൂടെ നടത്തുന്ന ഉറവിടം . കാഴ്ചകൾ കാണാൻ സാധിക്കുന്നു എന്നത് നമ്മുടെ ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യങ്ങളിൽ ഒന്നാണ്. എല്ലാവർക്കും നമ്മെപോലെ കാഴ്ചകൾ കാണാൻ സാധിച്ചെന്നു വരില്ല . കണ്ണുകളിലെ അന്ധത മൂലമാണ് അവർക്ക് കാഴ്ചകൾ കാണാൻ സാധിക്കാത്തത്.

ഇവിടെ ആണ് നേതൃദാനത്തിൻ പസക്തി നമ്മുടെ കണ്ണുകൾ നമ്മുടെ മരണ ശേഷം കൊടുക്കുന്ന പവർത്തിയാണിത്. ഈ ദാനത്തിലൂടെ അന്ധതയെ ഇല്ലാതാക്കാൻ നമ്മുക്ക് സാധിക്കും .നമ്മുടെ കണ്ണുകൾ ദാനം ,ചെയ്യുന്നതിലൂടെ വലിയൊരു പുണ്യപവർത്തിയാണ് നാം ചെയ്യുന്നത്.

അന്ധത പലതരത്തിൽ ഉണ്ടാകാം . തിമിരം  മൂലവും പമേഹം മൂലവും അന്ധത ഉണ്ടാകാം.എന്നാൽ കണ്ണിലെ പടലത്തിലെ അന്ധത മൂലം ഉണ്ടാകുന്ന ദുരിതം അനുഭവിക്കുന്നവർക്കേ കണ്ണിലെ പടലം മാറ്റി വെച്ച് അന്ധതയെ നീക്കം ചെയ്യാൻ സാധിക്കുകയൊള്ളൂ.

അതെ കണ്ണുദാനം ചെയ്യുന്നത് ഒരു മഹാദാനം ആണ്.ഒരു പാട്ടു പേരെ അന്ധതയാകുന്ന ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്ക് നയിക്കുവാൻ പറ്റുന്ന ഒരു മഹാദാനം.നേത്രദാനത്തിനായി നമ്മുക്ക് കൈകോർക്കാം

Jerin Joseph..


SAY NO TO
DRUGS

# Clouds

It is hot
The sky is blue
A little cloud comes
looking for you
More clouds come
They bring rain
sing and dance
It's cool again

Niya Maria Joby..




# മഞ്ഞിൻതാഴ്വര

കളകമൊഴുകുന്ന പുഴ ഹൃദയതാളത്തോടേ ഒഴുകി .
പുകമഞ്ഞിൻ കോട്ടകളാൽ മായാവലയം തീർത്തിരിക്കുന്നു
കാട്ടുപൂ

ഞ്ചോല. പുഴഇടുക്കുകളിലൂടേ
ആർത്തുല്ലസിക്കുന്ന കാട്ടുമുയലുകൾ പുഴയിലെ തെളിനിർ
അവർക്ക് ജീവജലം ,പുഴയുടെ സംരക്ഷണത്തിൽ വളരുന്ന
വൃക്ഷങ്ങൾ അവർക്ക് ആഹാരം .അങ്ങനെ ആ താഴ്വര
അവർക്ക് ജീവന്റെ കാവലായി നിലകൊള്ളുന്നു .
മേയാനായും ജീവലത്തിനായും അവിടെ എത്തുന്ന നിരവധി
പക്ഷികളും  മൃഗങ്ങളും . അങ്ങനെ ആ പുഴയും താഴ്വരയും
എല്ലാവർക്കും തണലായി മാറി.അപ്പോഴും ആ പുഴ
മന്ദംമന്ദമായി ഒഴുകിക്കൊണ്ടേ ഇരുന്നു...........

Dens P Joseph..




Strengthens the brain
Reduces stress
NATIONAL READING DAY
Increases empathy
Aids sleep
A book is a multibeneficiary dream tha you hold in your hands.
Bulids vocabulary
Lengthens lifespan
Books nurture nature

# ചിരി

ചിരിയുണ്ടാകുന്നതോ,

നന്മനിറഞ്ഞ ഹാസ്യങ്ങലിൽ

സൗഹൃദങ്ങലിൽ സന്മനസ്സുള്ളവരിൽ

മാത്രമാണങ്കിൽ !

എന്നോ നഷ്ടപെട്ട ചിരി

ഓർത്തെടുക്കാനാവില്ലൊരിക്കലും !!

നടന്നു പോകുന്നവനെ

കടക്കാരനാക്കുന്ന

കച്ചവട മാത്സരികത-

തിരിച്ചറിയാനാവാതെ,

സുഖഭോഗങ്ങലിൽക്കുഴഞ്ഞ്

തിരിഞ്ഞുനോക്കാനാവാതെ,

മോഹങ്ങലൂെ സ്വപ്നങ്ങളും

ഉയർന്ന

മൺകുമ്പാരത്തിനുച്ചിയിൽ

ചെന്നുലയുന്നു.

സ്വയം ചോദ്യച്ചിന്നമാകുന്ന

കടക്കെമിയിൽ വീണ ശരീരം

കൂട്ടമായ് തെറ്റി വീണു

പൊടിയുംപോൾ

ചിരിയെന്നഭിലാഷം

ഈ മണ്ണിൽ തീർത്തൊരു

മുഖംമൂടിയാകുന്നു....

Aromal S..



# അവൾ

മൂളി നടന്നൊരാ ഈണങ്ങൾക്കും,

മടിയിലിരുന്നു കേച്ച്ടൊരാ താരാട്ടുപാട്ടിനും

മഴപെയ്ത്തു തോർന്നൊരാ സായാഹ്ന

സന്ധ്യക്കും

ചാറിയ മഴനീർ തുള്ളിക്കൾക്കും,

മറയാൻ കാത്തുനിന്നൊരാ സൂര്യ രശ്മികൾക്കും

അവളുടെ മിഴിയിലെ കണ്ണീരിനും

വിയൽപ്പിൽ കുതിർന്ന മഴമണമായിരുന്നു..

വേനലിൽ വാടിയൊരോ പൂവിനും

അവളോടു ലജ്ജയായിരുന്നു

മിഴിനീർ വറ്റിയൊരാ ജീവനു

ഇന്നേക്കു വിട......

Anjela Joby..

91ാമത്  സക്കൂൾ വാർഷികവും യാത്ര അയപ്പ് സമ്മേളനവും

2024 ജനുവരി 5 വെള്ളി രാവിലെ 10:30  പാരിഷ്ഹാൾളിൽ  വെച്ച് നടത്തപെട്ടു..

കൊഴുവനാൽ സെന്റ് ജോൺ നെപ്യൂംസ്യാൻസ് ഹയർ സെക്കൻഡറി സ്കൂളിന്റെ  91ാമത് വാർഷികവും 31 വർഷത്തെ സ്തുത്യർഹമായ സേവനത്തിനു ശേഷം സർവീസിൻ നിന്നും വിരമിച്ച ഹിന്ദി അദ്ധ്യാപിക Sister എൽസി മാത്യുയുടെ യാത്ര അയപ്പും 2024ജനുവരി 5 വെള്ളിയാഴച്ച രാവിലെ  11:30ന് പാരിഷ്ഹാൾ വച്ച് നടത്തി.

രാവിലെ  10:30 ന് ഈശ്വര പ്രാർത്ഥനയോടെ പൊതു സമ്മേളനത്തിനു തുടക്കം കുറിച്ചു .

ബഹുമാനപ്പെട്ട സ്കൂൾ പ്രിൻസിപ്പാൾ ഷാൻറ്റി മാത്യു സ്വാഗതം നിർവഹിച്ചു.

സ്വാഗത പ്രസംഗത്തിനു ശേഷം H.S.S ലെ സ്റ്റാഫ് സെക്രിട്ടറി ആയ ശ്രീ. . സാൽവി സെബാസ്റ്റ്യൻ സാർ റിപ്പോർട്ട് അവതരിപ്പിച്ചു.. റവ . ഫാ . ബർക്കുമാൻസ് കുന്നുംപുറത്തച്ചൻ പൊതു സമ്മേളനത്തിന്റെ ഉതഘാടനം നിർവഹിച്ചു .ശേഷം മുഖ്യ പ്രഭാഷണവും നടത്തി .കോട്ടയം ജില്ലാ പഞ്ചായത്ത് മെമ്പറായ ശ്രീ . ജോസ്മോൻ മുണ്ടക്കൽ ഫോട്ടോ അനാഛാദനം നടത്തി .ശേഷം കുമാരി ആൻഡ്രിയ സെബാസ്റ്റന്റെ ഒരു ഗാനം . ഗാനത്തിനു ശേഷം പ്രതിഭകളെ  ആദരിക്കലും സ്കോളർഷിപ്പ്  വിതരണവും നടത്തുകയുണ്ടായി .

കൊഴുവനാൽ ഗ്രാമപഞ്ചായത്ത് പ്രസിഡൻ്റ ശ്രീമതി നിമ്മി  ട്വിങ്കിൾ രാജ്, , ശ്രീമതി ജെസ്സി ജോർജ്  കൊഴുവനാൻ എ . ഇ . ഒ ശ്രി  ശ്രിദേവ് ആർ എന്നിവർ ആശംസകൾ അർപ്പിച്ചു . ശേഷം  കുമാരി  നന്ദന സി വിനുവിന്റെ ഒരു ഗാനം. കൊഴുവനാൽ  ഗ്രാമപഞ്ചായത്ത്  മെമ്പർ ശ്രി റ്റി സി ജോസഫ് ,സ്റ്റാഫ്  സെക്രട്ടറി എച്ച് എസ് ശ്രി ബെന്നിച്ചൻ പി ഐ  എന്നിവർ ആശംസപ്രസങ്ങം നിര്

വഹിച്ചു.ആശംസപ്രസംഗത്തിനു ശേഷം കുമാരി ഗൗരി നയന സാബുവിന്റെ ഒരു ഗാനം .തുടർന്ന് ശ്രീമതി സാലി കെ ജെ യുടെ മറുപടി പ്രസംഗം.ശേഷം സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ സോണി തോമസ് സാറിന്റെ കൃതഞ്ത.ദേശീയഗാനത്തോടു കൂടി പോതുസമ്മേളനത്തിനു അന്ധം കുറിച്ചു .തുടർന്ന് ഉച്ചഭക്ഷണത്തിനു ശേഷം കുട്ടികളുടെ കലാപരുപാടികൾ തുടർന്നു 4:30യ്ക്ക് ശേഷം സ്കൂൾ വിട്ടു..



# നന്ദി..

